©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2015 ഒക്ടോബർ 3<br>3rd October 2015<br>1191 കന്നി 17<br>17th Kanni 1191<br>1937 ആശ്വിനം 11<br>11th Aswina 1937 | നമ്പർ<br>No. 2227 |

## സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ, കേരളം

### വിജ്ഞാപനം

നമ്പർ 12/2015/എസ്ഡിസി. *തിരുവനന്തപുരം, 2015 ഒക്ടോബർ 3.*

**എസ്. ആർ. ഒ. നമ്പർ 659/2015.**—1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് (1994-ലെ 13) 10-ാം വകുപ്പ് പ്രകാരം 30-9-2015-ലെ 999/2015/എസ്ഡിസി നമ്പരായി പുറപ്പെടുവിച്ചതും 30-9-2015-ലെ 2210-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 653/2015 ആയി പ്രസിദ്ധപ്പെടുത്തിയതുമായ, മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അന്തിമ നിയോജകമണ്ഡല വിഭജന ഉത്തരവിൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് (1994-ലെ 13), 11-ാം വകുപ്പ് പ്രകാരം തിരുത്തൽ വരുത്തിക്കൊണ്ടുള്ള ഉത്തരവ് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനുവേണ്ടി,

(ഒപ്പ്)

*സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/3811/2015/S-29.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നില്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള പഞ്ചായത്ത്രാജ് ആക്ട് (1994-ലെ 13), 11-ാം വകുപ്പ് പ്രകാരം പ്രസ്തുത ആക്ടിലെ 10-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിലെ മനപ്പൂർവ്വമല്ലാത്ത നോട്ടപ്പിശകുമൂലമോ വിട്ടുപോകൽമൂലമോ ഉണ്ടായിട്ടുള്ള ഏതെങ്കിലും തെറ്റുകൾ തിരുത്തൽ വരുത്തുന്നതിന് ഡീലിമിറ്റേഷൻ കമ്മീഷനെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട് (1994-ലെ 13) 11-ാം വകുപ്പ് അനുശാസിക്കും പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ നിയോജകമണ്ഡല വിഭജന അന്തിമ ഉത്തരവിൽ തിരുത്തൽ വരുത്തി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

# സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ, കേരളം, തിരുവനന്തപുരം

## ഉത്തരവ്

നമ്പർ 999/2015/എസ്.ഡി.സി.

തീയതി 2015 ഒക്ടോബർ 3.

2015 സെപ്റ്റംബർ 30-ാം തീയതിയിലെ 999/2015/എസ്ഡിസി നമ്പരായി പുറപ്പെടുവിച്ച മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ നിയോജക മണ്ഡല പുനർനിർണ്ണയ അന്തിമ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ 1-ാം കോളത്തിലെ '8.ആനക്കയം' എന്നതിനു നേരെ 3-ാം കോളത്തിൽ '5.പാപ്പിനിപ്പാറ' എന്നത് '5.ഇരുമ്പുഴി' എന്നും 1-ാം കോളത്തിലെ '30.എടവണ്ണ' എന്നതിനു നേരെ 3-ാം കോളത്തിൽ '2.മൈത്ര' എന്നത് '3.മൈത്ര' എന്നും 1-ാം കോളത്തിലെ '32.ചുങ്കത്തറ' എന്നതിനു നേരെ 3-ാം കോളത്തിൽ '3.വെറ്റിലപ്പാറ' എന്നത് '2.വെറ്റിലപ്പാറ' എന്നും 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, 11-ാം വകുപ്പ് പ്രകാരം തിരുത്തൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ. ശശിധരൻ നായർ
*(ചെയർമാൻ)*
*സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.*

(ഒപ്പ്)
ഡോ. കെ. ഇളങ്കോവൻ
*(മെമ്പർ)*
*ഗവൺമെന്റ് സെക്രട്ടറി.*
*ആരോഗ്യ വകുപ്പ്.*

(ഒപ്പ്)
എ. പി. എം. മുഹമ്മദ് ഹനീഷ്
*(മെമ്പർ)*
*ഗവൺമെന്റ് സെക്രട്ടറി,*
*തദ്ദേശസ്വയംഭരണ വകുപ്പ്.*

അംഗീകാരത്തോടെ
(ഒപ്പ്)
സെക്രട്ടറി.